## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3108** **10.05.2017- ൽ മറുപടിയ്ക്ക്**

**108 ആംബുലൻസ് ഡ്രൈവർമാർക്കും,നേഴ്സുമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുളള തുക**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ. വി.ജോയി<br>ശ്രീ. എൻ വിജയൻ പിള്ള<br>ശ്രീ. ഐ.ബി.സതീഷ് | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിക്കുന്ന 108 ആംബുലൻസ് ഡ്രൈവർമാർക്കും, നഴ്സുമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുളള തുക നല്കുന്നുണ്ടോ; | (എ) 108 ആംബുലൻസിലെ ജീവനക്കാർക്ക് ദേശീയ ആരോഗ്യ മിഷൻ കേരളം അംഗീകരിച്ചിട്ടുളള ദിവസവേതനമാണ് നൽകുന്നത്. |
| (ബി) ഈ ജീവനക്കാർക്ക് ഡ്യൂട്ടി സമയം നിശ്ചയിച്ചിട്ടുളളത് എത്ര മണിക്കൂറാണ് എന്ന് വ്യക്തമാക്കാമോ; | (ബി) 12 മണിക്കൂർ |
| (സി) 24 മണിക്കൂറും സർവീസ് നടത്തുന്ന ആംബുലൻസ് തകരാർ സംഭവിച്ച് വർക്ക്ഷോപ്പിൽ ആകുമ്പോൾ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിനാൽ മാസങ്ങളോളം ശമ്പളമില്ലാതെ കഷ്ടത അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ആംബുലൻസിലെ ജീവനക്കാർക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.എം. എസ്.സി.എൽ) ജീവനക്കാർക്ക് ഉളളതു പോലെ ഇ.പി.എഫ്. ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ; ഇവർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; ഇവരെ കെ.എം.എസ്.സി.എൽ. ജീവനക്കാരായി പരിഗണിക്കാൻ വേണ്ട ഉത്തരവ് നൽകുമോ? | (ഡി) 108 ആംബുലൻസ് ജീവനക്കാർക്ക് ഇ.പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. നിലവിൽ 108 ആംബുലൻസ് ജീവനക്കാർ അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പദ്ധതിയുടെ കൺട്രോൾ റൂമും അതിലെ ജീവനക്കാരും മാത്രമാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കീഴിൽ വരുന്നത്. |

സെക്ഷൻ ഓഫീസർ